**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1731

01.11.2019 ൽ മറുപടിയ്ക്ക്

## <u>2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടക്കാനിരിക്കുന്ന പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർ ഉപയോഗിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പരിഷ്കരിക്കുന്നതിനും, സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പുസ്തകരൂപത്തിൽ ആക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർക്കുള്ള കൈപ്പുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ നടത്തുന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് സംസ്ഥാന തല പരിശീലന വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പരിഷ്കരിക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി മാസ്റ്റർ ട്രെയിനർമാർക്ക് സമഗ്രമായ ഒന്നാംഘട്ട പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | വാർഡ് വിഭജനം, പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കൽ എന്നിവയ്ക്കുള്ള വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ